# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2358 — 08-12-2015-ൽ മറുപടിക്ക്

### വ്യവസായ വികസനം സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണിഹാജി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യവസായ വികസനത്തിനും സംരംഭ വികസനത്തിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വിശദമാക്കുമോ ; | (എ) വ്യവസായ വികസനത്തിനും സംരംഭ വികസനത്തിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടു വരുന്നതിനും, കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന സംരംഭകത്വ സഹായ പദ്ധതി വഴി വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. ചെറുകിട വ്യവസായങ്ങളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ് വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ് സംരംഭ കത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയ പരിപാടികളും നടത്തി വരുന്നു.<br><br>ബോധവത്ക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസനപരിശീലനപരിപാടികൾ, നിക്ഷേപ കരുടെ മേളകൾ, MSME ഉൽപ്പന്ന വിപണനമേളകൾ, മെഷിനറി എക്സി ബിഷൻ,ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായ വത്ക്കരണ പദ്ധതി, ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാതലങ്ങളിൽ നടത്തി വരുന്നു. കൂടാതെ ബിസിനസ് ടു ബിസിനസ് മീറ്റ് നിക്ഷേപസംഗമങ്ങൾ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാന ത്തിനകത്തും പുറത്തുമുള്ള വ്യവസായി കൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനുംകേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ |

കണ്ടെത്താനും സാധിച്ചു. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും Single Window Clearance Board പ്രവർത്തിച്ചുവരുന്നു.

കൂടാതെ BLBC, SLBC മുതലായ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിച്ചു വരുന്നു.

സംസ്ഥാനത്തിന്റെ വ്യവസായ വികസനവും സംരംഭക വികസനവും മുൻനിർത്തി കേരളത്തിലെ നിക്ഷേപ സാധ്യതകളെ ഉയർത്തിക്കാട്ടുന്നതിന് എമർജിങ്ങ് കേരള, പാലക്കാട് ജില്ലയിൽ വ്യവസായ നിക്ഷേപ സംഗമം മുതലായ പരിപാടികൾ സർക്കാർ കെ.എസ്.ഐ.ഡി.സി മുഖേന നടത്തിയിട്ടുണ്ട്.

2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ വച്ചാണ് എമർജിങ്ങ് കേരള നടത്തിയത്.

കൂടാതെ, സംസ്ഥാനത്തെ വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിനായി സർക്കാർ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലീയറൻസ് ബോർഡ്, ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡ് മുതലായവ രൂപീകരിച്ചിട്ടുണ്ട്.

ഇതോടൊപ്പം സംസ്ഥാനത്ത് ഇടത്തരം, വൻകിട വ്യവസായം തുടങ്ങുന്നതിനുള്ള ഭൂമിയും, ധനവായ്പയും, വിവിധ വകുപ്പുകളിൽ നിന്നുള്ള ക്ലീയറൻസുകളും കെ.എസ്.ഐ.ഡി.സി മുഖേന ലഭ്യമാകി വരുന്നു.

വനിതാസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി രൂപം കൊടുത്തതാണ് വി മിഷൻ കേരള. ഇതിന്റെ ഭാഗമായി മലപ്പുറം, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശക പിന്തുണ, മീറ്റിങ്ങുകളും വ്യവസായ യൂണിറ്റ് സന്ദർശനങ്ങളും സംഘടിപ്പിക്കുകയുണ്ടായി.

കൂടാതെ, അന്താരാഷ്ട്ര വനിതാ സംരംഭകത്വദിനമായ നവംബർ 19ന് കൊച്ചിയിൽ വനിതാസംരംഭകത്വ സമ്മേ

ളനം (WE Summit 2015, WE CAN (Women Entrepreneurs Collaborating and Networking) എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി.

കൂടാതെ, കേരളത്തിലെ വിദ്യാർത്ഥി / യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്ന തിനും അവരുടെ സംരംഭകത്വ ആശയ ങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം നൽകുന്നതിലേയ്ക്കുമായി 2014 സെപ്റ്റംബർ 12-ാം തീയതി കെ.എസ്.ഐ. ഡി.സി.യുടെ ആഭിമുഖ്യത്തിൽ യുവ സംരംഭക സംഗമം (YES) സംഘടിപ്പിച്ചു.

പ്രസ്തുത സംഗമത്തിന്റെ രണ്ടാം പതിപ്പായി യെസ് ക്യാൻ 2015 എന്ന പേരിൽ യുവസംരംഭകർക്കായി ഒരു സംഗമവും കെ.എസ്.ഐ.ഡി.സിയുടെ ആഭിമുഖ്യ ത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് വ്യവസായ വികസനത്തിന് വേണ്ടി കിൻഫ്ര സ്വീകരിച്ച നടപടികൾ താഴെ പറയുന്നവയാണ്.

- വ്യവസായത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക.
- വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അനുബന്ധ അനുമതികൾ ലഭ്യമാക്കുന്ന തിനുള്ള ഏകജാലക സംവിധാനം നടപ്പാക്കുക.

**(ബി)** കിൻഫ്രയുടെ ഇത് സംബന്ധമായ പുതിയ പ്രോജക്ടുകൾ എന്തെല്ലാമാണ് ; പ്രസ്തുത പ്രോജക്ടുകൾ എവിടെ യെല്ലാം തുടങ്ങുവാൻ ഉദ്ദേശിക്കുന്നു ണ്ടെന്ന് വ്യക്തമാക്കുമോ ?

**(ബി)** കിൻഫ്രയുടെ പുതിയ പദ്ധതികൾ താഴെ പറയുന്നവയാണ്.

**വ്യവസായ വാണിജ്യ മേഖലകൾ :**

സംസ്ഥാനത്തെ വൻനഗരങ്ങളിൽ വൻകിട വ്യവസായ വികസന മേഖലകൾ സ്ഥാപിക്കു വാൻ കിൻഫ്ര പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ നഗരങ്ങളിൽ ഈ ആവശ്യത്തി ലേയ്ക്കായി അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തിക്കഴിഞ്ഞു.

**ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ (ഗ്രീൻ ഫീൽഡ്) ഇലക്ട്രോണിക്ക് പാർക്ക് :**

കേന്ദ്ര സർക്കാരിന്റെ വിവരസാങ്കേതിക വകുപ്പിന്റെ കീഴിൽ ഇലക്ട്രോണിക്

സിസ്റ്റം ഡിസൈനിംഗിനും അതിന്റെ ഉൽപ്പാദനത്തിനും വേണ്ടി ലോകനിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഇതുമായി ബന്ധപ്പെട്ട വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനുവേണ്ടി 2012-ൽ നടപ്പിലാക്കിയ പദ്ധതിയാണ് ഇത്. കേന്ദ്ര സർക്കാർ സാമ്പത്തിക സഹായമായി ആകെ പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമുള്ള തുകയുടെ 50% ലഭ്യമാക്കുന്നതാണ് (50 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു). കിൻഫ്രയുടെ കാക്കനാടുള്ള വ്യവസായ പാർക്കിൽ 67 ഏക്കർ സ്ഥലം ഇതിനായി നീക്കി വെച്ചിട്ടുണ്ട്.

**മെഗാ ഫുഡ് പാർക്ക് , പാലക്കാട് :**

കേന്ദ്ര ഭക്ഷ്യസംസ്ക്കരണ മന്ത്രാലയത്തിന്റെ മെഗാ ഫുഡ് പാർക്ക് സ്കീമിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ 73 ഏക്കർ സ്ഥലത്ത് ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കാൻ പദ്ധതിയുണ്ട്. കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിൽ നിന്നാണ് പ്രസ്തുത പദ്ധതിക്ക് അന്തിമ അനുമതി ലഭിക്കുക.

**ഗ്ലോബൽ ആയുർവേദ വില്ലേജ് :**

193 കോടി രൂപ മുതൽമുടക്കുള്ള ഗ്ലോബൽ ആയുർവേദ വില്ലേജ് പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിലാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്കായി തിരുവനന്തപുരത്ത് സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

**ഇന്റർനാഷണൽ എക്സിബിഷൻ & കൺവെൻഷൻ സെന്റർ :**

അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു എക്സിബിഷൻ & കൺവെൻഷൻ സെന്റർ കാക്കനാട് കിൻഫ്രയുടെ കൈവശമുള്ള 10 ഏക്കർ ഭൂമിയിൽ സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ